**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 870** | **07-12-2022 - ൽ മറുപടിയ്ക്ക്**

**ഭൂരഹിത-ഭവനരഹിത പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂരഹിത-ഭവനരഹിത പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾ എത്രയുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (എ) | **ഉണ്ട്. നിലവിലുള്ള പട്ടികവർഗ്ഗക്കാരായ ഭൂരഹിത ഭവനരഹിതരുടെ വിശദാംശങ്ങൾ അനുബന്ധം - 1 ആയി ചേർക്കുന്നു.**<br><br>**സംസ്ഥാനത്ത് പട്ടികജാതിക്കാരായ 67720 ഭവനരഹിതരും 46731 ഭൂരഹിതരും ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.** |
| (ബി) | ഇവർക്ക് ഭൂമിയും ഭവനവും നൽകുന്നതിനായി ലൈഫ് പദ്ധതി കൂടാതെ എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇവരിൽ എത്ര കുടുംബങ്ങൾക്ക് നാളിതുവരെ ഭൂമിയും ഭവനവും നൽകിയെന്നും ഇനിയും എത്രപേർക്ക് നൽകുവാനുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | **ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി ഭൂമി വിതരണം ചെയ്തുവരുന്നു. കൂടാതെ വനാവകാശ നിയമപ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖയും നൽകുന്നു.**<br><br>**ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നാളിതുവരെ 5468 പേർക്ക് ഭവന നിർമ്മാണത്തിന് ധനസഹായവും വനാവകാശ നിയമം, നിക്ഷിപ്ത വനഭൂമി വിതരണം, ലാന്റ് ബാങ്ക് പദ്ധതി എന്നിവ മുഖേന 39276 പേർക്ക് 49094.35 ഏക്കർ ഭൂമി അനുവദിച്ച നൽകിയിട്ടുണ്ട്. ആകെ ഭൂരഹിതഭവനരഹിതർ 8272 പേർ ഉണ്ട്.**<br><br>**പട്ടികജാതി വികസന വകുപ്പ് ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമി അനുവദിക്കുന്നു. ആയത് പ്രകാരം നടപ്പ സാമ്പത്തിക വർഷം 4500 കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കാൻ ലക്ഷ്യമിടുന്നു. ആയതിൽ 1016 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചു. ഭവന നിർമ്മാണ ധനസഹായം പൂർണ്ണമായും ലൈഫ് മിഷൻ മുഖേന നടപ്പിലാക്കുന്നതിനാൽ ലൈഫ് 2020 പ്രകാരമുള്ള ലിസ്റ്റിലെ ഭവനരഹിതർക്ക് ആനുകൂല്യം അനുവദിക്കാനുള്ള ഉത്തരവ് 15.11.2022 - ലെ സ.ഉ(സാധാ)നം. 2806/2022/ത.സ്വ.ഭ.വ** |

| | | | |
|---|---|---|---|
| | | | **പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ ലൈഫ് മിഷൻ സ്വീകരിച്ച് വരുന്നു. 45715 ഭൂരഹിത കുടുംബങ്ങൾക്കും 67720 ഭവന രഹിത കുടുംബങ്ങൾക്കും ആനുകൂല്യം നൽകാൻ നിലവിൽ അവശേഷിക്കുന്നു.** |
| (സി) | പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സാമൂഹ്യവും സാംസ്കാരികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | **പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥയ്ക്ക് പരിഹാരം കാണുവാൻ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ആവിഷ്കരിച്ചിട്ടുള്ള വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹ്യ സാമ്പത്തിക ഉന്നമന പദ്ധതികൾ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധം - 3 ആയി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

പട്ടികവർഗ്ഗ വിഭാഗം

| ക്രമ നം. | ജില്ല | ഭൂരഹിത ഭവനരഹിതരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 0 |
| 2 | കൊല്ലം | 124 |
| 3 | പത്തനംതിട്ട | 265 |
| 4 | ആലപ്പുഴ | 344 |
| 5 | കോട്ടയം | 585 |
| 6 | ഇടുക്കി | 272 |
| 7 | എറണാകുളം | 133 |
| 8 | തൃശ്ശൂർ | 130 |
| 9 | മലപ്പുറം | 747 |
| 10 | കോഴിക്കോട് | 122 |
| 11 | വയനാട് | 3184 |
| 12 | പാലക്കാട് | 576 |
| 13 | കണ്ണൂർ | 1030 |
| 14 | കാസർഗോഡ് | 760 |
| | **ആകെ** | **8272** |

സെക്ഷൻ ഓഫീസർ

## അനുബന്ധം – 2

### പട്ടികജാതി വിഭാഗം

| ലൈഫ് 2020 | | |
|---|---|---|
| ജില്ല | ഭൂരഹിതർ | ഭവനരഹിതർ |
| തിരുവനന്തപുരം | 6914 | 6864 |
| കൊല്ലം | 5891 | 8463 |
| പത്തനംതിട്ട | 1594 | 2870 |
| ആലപ്പുഴ | 2310 | 4884 |
| കോട്ടയം | 1945 | 2581 |
| ഇടുക്കി | 3629 | 4836 |
| എറണാകുളം | 2721 | 3695 |
| തൃശ്ശൂർ | 6127 | 6587 |
| പാലക്കാട് | 7909 | 13731 |
| മലപ്പുറം | 3770 | 6241 |
| കോഴിക്കോട് | 2112 | 3209 |
| വയനാട് | 407 | 1227 |
| കണ്ണൂർ | 791 | 962 |
| കാസർഗോഡ് | 611 | 1570 |
| **ആകെ** | **46731** | **67720** |

സെക്ഷൻ ഓഫീസർ

# അനുബന്ധം – 3

## എ. വിദ്യാഭ്യാസം

സ്കീമുകൾ

1. പ്രീ–മെട്രിക് സ്കോളർഷിപ്പ് പദ്ധതി
2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി
3. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ
4. പ്രീമെട്രിക് ഹോസ്റ്റലുകൾ
5. പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ
6. വിദേശപഠനത്തിനുള്ള ധനസഹായം
7. ഇതരസംസ്ഥാന പഠനം
8. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ് മെന്റ് പദ്ധതി
9. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം
10. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം
11. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതു പ്രവേശന പരീക്ഷാ പരിശീലനം
12. ലാപ്ടോപ്പ് വിതരണം
13. സാമൂഹ്യപഠനമുറി
14. മെന്റർ ടീച്ചർ പദ്ധതി
15. വിദ്യാവാഹിനി പദ്ധതി
16. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം
17. ട്യൂട്ടോറിയൽ ഗ്രാന്റ്
18. ഭാരത ദർശൻ (പ്രത്യേക ദുർബല ഗോത്രവിഭാഗം), സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്ര
19. രക്ഷിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ്
20. ആശ്രയമില്ലാത്ത കുട്ടികൾക്കുള്ള സഹായം

21. വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

22. വ്യവസായ പരിശീലന കേന്ദ്രം

23. സബ്സിഡൈസ്ഡ് ഹോസ്റ്റലുകൾ

**ബി) ആരോഗ്യം**

1. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി

2. ചികിത്സാ സഹായം

3. സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള സാമ്പത്തിക സഹായം

4. മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ

5. ജനനി ജന്മരക്ഷാ പദ്ധതി

6. പട്ടികവർഗ്ഗ ദുരിതാശ്വാസ നിധി

**സ്ഥാപനങ്ങൾ**

1. ഒ.പി. ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും

2. മിഡ് വൈഫറി സെന്റർ

3. ആയുർവേദ ആശുപത്രി

4. ആയുർവേദ ഡിസ്പെൻസറികൾ

**സി) സാമൂഹ്യ-സാമ്പത്തിക ഉന്നമന പദ്ധതികൾ**

1. അടിയ, പണിയ, പ്രാക്തനഗോത്രവർഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടിക വർഗക്കാർ എന്നിവർക്കുള്ള പ്രത്യേക പദ്ധതികൾ
2. ഭക്ഷ്യ സഹായ പദ്ധതി
3. കൈത്താങ്ങ് പദ്ധതി
4. പൂൾഡ് ഫണ്ട് പദ്ധതികൾ
5. അംബേദ് ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി
6. പെൺകുട്ടികൾക്കായുള്ള വിവാഹ ധനസഹായം
7. കോർപ്പസ് ഫണ്ട് പദ്ധതികൾ
8. പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ സേവനം.
9. ഊരുകൂട്ടങ്ങൾ
10. പ്രത്യേക കേന്ദ്ര സഹായ പദ്ധതികൾ

11. ഭവനരഹിതർക്ക് ഭവനം

12. സേഫ് പദ്ധതി

13. പട്ടികവർഗ്ഗ ക്ഷേമ സ്ഥാപനങ്ങളുടെ ധനസഹായം

14. ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ഗ്രാന്റിൽ നടപ്പിലാക്കുന്ന പദ്ധതികൾ

15. തൊഴിൽ പരിശീലനം

16. വിവര വിനിമയ വിദ്യാഭ്യാസ പദ്ധതി (IEC)

17. കമ്മിറ്റഡ് സോഷ്യൽ വർക്കർമാരുടെ സേവനം

18. കമ്മ്യൂണിറ്റി കിച്ചൺ

19. ലാന്റ് ബാങ്ക് പദ്ധതി

20. പാരമ്പര്യ വൈദ്യന്മാർക്ക് ധനസഹായം

21. വയനാട് ഗോത്രഭാഷ പഠന കേന്ദ്രം

22. പി.കെ കാളൻ കുടുംബ ക്ഷേമ പദ്ധതി

23. ആറളം സമഗ്ര പാക്കേജ്

24. ദുർഘട പ്രദേശങ്ങളിലും ഇന്റർനെറ്റ് കണക്ടിവിറ്റി എത്തിക്കുന്നതിനുള്ള പദ്ധതികൾ

25. അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി - ആറളം ഫാം പുനരുദ്ധാരണ പാക്കേജ്

26. കേരള ട്രൈബൽ പ്ലസ് പദ്ധതി

27. മിശ്രവിവാഹ ധനസഹായം

28. ഹരിത രശ്മി

29. ഇടമലക്കുടി സമഗ്ര പാക്കേജ്

30. വനാവകാശ നിയമം നടപ്പിലാക്കൽ

31. അതിക്രമം തടയൽ നിയമപ്രകാരം ധനസഹായം

ലൈഫ് മിഷൻ മുഖേന പട്ടികവർഗക്കാരായ ഭവനരഹിതർക്കും, ഭൂരഹിത ഭവന രഹിതർക്കും ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നുണ്ട്. കൂടാതെ 75

കൊല്ലമോ, 25 കൊല്ലം വീതമുള്ള തുടർച്ചയായ മൂന്ന് തലമുറകളിലായി വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് അവരുടെ ഭൂമിയിന്മേലുള്ള അവകാശം ഉറപ്പാക്കുന്നതിനായി വനാവകാശ നിയമം 2006 പ്രകാരം കൈവശാവകാശ രേഖയും നൽകിവരുന്നുണ്ട്. ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനായി വനാവകാശ നിയമം, ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലായി ടി.ആർ.ഡി.എം മുഖേന ഭൂമി വിതരണം ചെയ്തുവരുന്നു. ലാന്റ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങി നൽകി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് വാസയോഗ്യമായ വീടും അനുവദിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ